**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2041 — 17.12.2012 - ൽ മറുപടിയ്ക്ക്

## കുറ്റിമുല്ല കൃഷി തട്ടിപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ. കെ. ലതിക | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | കുറ്റിമുല്ല കൃഷി നടത്തിപ്പ് സംബന്ധിച്ച് കുറ്റ്യാടി പോലീസ് രജിസ്റ്റർ ചെയ്ത കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത ക്രൈം നം 177/2010 എന്ന കേസ് അന്വേഷണാവസ്ഥയിലാണ്. |
| (ബി) | പ്രസ്തുത കേസിലെ പ്രതികൾ ആരെല്ലാമാണെന്നും അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ; | (ബി) | ടി കേസിൽ 4 പ്രതികൾ ഉണ്ട്. ഒന്നാം പ്രതിയെ അന്വേഷിച്ചതിൽ ഈ പേരുള്ള ആളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ടി കേസിന്റെ പരാതിക്കാരിക്ക് ഒന്നാം പ്രതിയുടെ പേര് മാത്രമേ അറിയാൻ കഴിഞ്ഞിട്ടുള്ളു. 2 മുതൽ 4 വരെ പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ടെങ്കിലും ടിയാൻമാർ ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. പ്രതികളെ ആരെയെങ്കിലും കണ്ടെത്തിയാൽ മാത്രമേ ഒന്നാം പ്രതിയെപ്പറ്റി വിവരം ലഭിക്കുകയുള്ളു. പ്രതികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.<br><br>1. സജി നായർ<br><br>2. രാധാകൃഷ്ണൻ S/o കുഞ്ഞനന്തൻ നായർ, കോമത്ത് (H) കാരയാട് കൊയിലാണ്ടി.<br><br>3. ബാബുരാജ് S/o ഗോപാലൻ നായർ, വട്ടക്കണ്ടി (H) കാരയാട് കൊയിലാണ്ടി.<br><br>4. അനിൽ കുമാർ S/o ദാമോധരൻ, മാക്കൂൽ (H) കൽപ്പത്തൂർ. |

| | | | |
|---|---|---|---|
| (സി) | തട്ടിപ്പിനിരയായ സ്ത്രീകൾക്ക് എന്തെങ്കിലും നഷ്ടപരിഹാരം പ്രതികൾ നൽകിയിട്ടുണ്ടോ? | (സി) | അറിവില്ല. |

സെക്ഷൻ ഓഫീസർ